MONDAY തിങ്കളാഴ്ച

22/12/2025

# FIB FARM NEWS

## എഫ്. ഐ. ബി. കാർഷിക വാർത്തകൾ

## FARM INFORMATION BUREAU


Agriculture Development and Farmer's Welfare Department

GOVERNMENT OF KERALA

Chief Editor : SINDHU. KS  Editor : Dr. G.Pramodkumar



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:** piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 22/12/2025

1. ഈ വർഷത്തെ വസന്തോത്സവം വിനോദസഞ്ചാര വകുപ്പിന്റെ ആഭിമുഖ്യത്തിൽ തിരുവനന്തപുരം ജില്ലാ ടൂറിസം പ്രോമോഷൻ കൗൺസിലുമായി ചേർന്ന് 2025 ഡിസംബർ 24 മുതൽ 2026 ജനുവരി 4 വരെ കനകക്കുന്ന കൊട്ടാരത്തിലും നിശാഗന്ധി ഓഡിറ്റോറിയത്തിലുമായി സംഘടിപ്പിക്കുന്നു. പുഷ്പാലങ്കാരങ്ങൾ, ഭക്ഷ്യമേള, നാടൻ-ഗോത്രവർഗ്ഗ കലാരൂപങ്ങളുടെ അവതരണം, കാർഷിക വസ്തുക്കൾ, വിത്തുകൾ, മറ്റ് നടീൽ വസ്തുക്കൾ, ഔഷധ – പുഷ്പഫല സസ്യങ്ങൾ എന്നിവയുടെ പ്രദർശനം, വില്പന, എന്നിവയാണ് വസന്തോത്സവത്തിന്റെ പ്രധാന ആകർഷണം.

2. കാർഷിക സർവകലാശാലയും സംസ്ഥാന ജൈവവൈവിധ്യ ബോർഡും (KSBB) സംയുക്തമായി സംഘടിപ്പിക്കുന്ന "കേരള അഗ്രോ ബയോഡൈവേഴ്സിറ്റി കോൺഫറൻസ് 2025" [KAbCon-2025] ഡിസംബർ 22, 23 തീയതികളിലായി വെള്ളായണി കാർഷിക കോളേജിൽ നടക്കുന്നു. പരമ്പരാഗത അറിവുകളും ആധുനിക ശാസ്ത്ര-സാങ്കേതികവിദ്യകളും സംയോജിപ്പിച്ചുകൊണ്ട് കാർഷിക

ff

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

ജൈവവൈവിധ്യ സംരക്ഷണവും സുസ്ഥിര ഭക്ഷ്യവ്യവസ്ഥകളുടെ ശാക്തീകരണവുമാണ് സമ്മേളനത്തിന്റെ പ്രധാന ലക്ഷ്യങ്ങൾ. 23ന് നടക്കുന്ന ജൈവ വൈവിധ്യ നയ രൂപീകരണ ശില്പശാലയും സമാപന സമ്മേളനവും കൃഷിമന്ത്രി പി പ്രസാദ് ഉദ്ഘാടനം ചെയ്യും. സമ്മേളനത്തിന്റെ ഭാഗമായി വിത്തുമേള, കർഷകരുടെ അനുഭവ വിവരണങ്ങൾ, മാതൃകാ ജൈവവൈവിധ്യ ഫീൽഡ് സന്ദർശനം, കലാസന്ധ്യ എന്നിവയും ഒരുക്കിയിട്ടുണ്ട്. അന്തർദേശീയ സമ്മേളനവുമായി ബന്ധപ്പെട്ട കൂടുതൽ വിവരങ്ങൾക്കായി www.kabcon2025.com എന്ന വെബ്സൈറ്റ് സന്ദർശിക്കാം.

3. കേരളസർക്കാർ റബ്ബർബോർഡുവഴി നടപ്പാക്കുന്ന റബ്ബറുത്പാദന പ്രോത്സാഹനപദ്ധതിയെക്കുറിച്ച് റബ്ബർകർഷകർക്കുള്ള സംശയങ്ങൾ ദൂരീകരിക്കാൻ റബ്ബർബോർഡ് കോൾസെന്ററുമായി ബന്ധപ്പെടാം. ഇതുസംബന്ധമായ സംശയങ്ങൾക്ക് ഇന്ന് (2025 ഡിസംബർ 23-ാം തീയതി) രാവിലെ 10 മുതൽ ഉച്ചയ്ക്ക് ഒരുമണി വരെ റബ്ബർബോർഡിലെ ഡെവലപ്മെന്റ് ഓഫീസർ ദിലീപ് സി.എൽ.

ഫോണിലൂടെ മറുപടി നൽകുന്നതാണ്. കോൾസെന്റർ നമ്പർ 04812576622.

4. കേരള കാർഷിക സർവകലാശാലയുടെ കീഴിലുള്ള കേളപ്പജി കോളേജ് ഓഫ് അഗ്രികൾച്ചറല് എഞ്ചിനീയറിങ് & ഫുഡ് ടെക്നോളജി, തവനൂരിൽ ഒരു പാർട്ട് ടൈം സ്റ്റുഡന്റ് കൗൺസിലറുടെ താൽകാലിക ഒഴിവിലേക്ക് ഒരു വർഷത്തേക്ക് കരാറടിസ്ഥാനത്തിൽ നിയമനം നടത്തുന്നതിനായി 07.01.2026 ന് രാവിലെ 10 മണിക്ക് വാക്ക്-ഇൻ-ഇന്റർവ്യൂ നടത്തുന്നു. യോഗ്യത: സൈക്കോളജി, കൗൺസലിംഗ് സൈക്കോളജി, അപ്ലൈഡ് സൈക്കോളജി ഇവയിലേതിലെങ്കിലും എം.എസ്.സി/ എ.എ. ബിരുദാനന്തര ബിരുദം. പ്രതിമാസ വേതനം 30000/- രൂപ. വിശദ വിവരങ്ങൾക്ക് kcaet.kau.in, www.kau.in എന്നിവ സന്ദർശിക്കുക. ഫോൺ നമ്പർ: 0494-2686214.

## പരിശീലന പരിപാടി

5. കോഴിക്കോട് ജില്ലയിലെ ബേപ്പൂർ നടുവട്ടത്ത് സ്ഥിതി ചെയ്യുന്ന കേരള സർക്കാർ സ്ഥാപനമായ ക്ഷീര പരിശീലന കേന്ദ്രത്തിൽ വെച്ച് ജനുവരി മാസം 05, 06, 07 തീയതികളിലായി കോഴിക്കോട്, വയനാട്,

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മലപ്പുറം ജില്ലകളിലെ ക്ഷീരസംഘം ലാബ് അസിസ്റ്റൻറ്/പ്രൊക്യർമെൻറ് അസിസ്റ്റന്റ്മാർക്ക് പരിശീലന പരിപാടി നടത്തുന്നു. രജിസ്ട്രേഷൻ ഫീസ് 20 രൂപ. ആധാർ കാർഡിൻറെ പകർപ്പ് പരിശീലന സമയത്ത് ഹാജരാക്കേണ്ടതാണ്. പരിശീലനത്തിന് താൽപര്യമുള്ളവർ 30.12.25 ന് വൈകുന്നേരം 5 മണിക്ക് മുൻപായി 0495-2414579 എന്ന ഫോൺ നമ്പർ മുഖാന്തരമോ നേരിട്ടോ പേര് രജിസ്റ്റർ ചെയ്യേണ്ടതും കൺഫർമേഷൻ ലഭിച്ചവരെ മാത്രം പരിശീലനത്തിന് പങ്കെടുപ്പിക്കുന്നതുമാണ്.

6. മലമ്പുഴ സർക്കാർ മൃഗസംരക്ഷണ പരിശീലന കേന്ദ്രത്തിൻറ ആഭിമുഖ്യത്തിൽ "മുട്ടക്കോഴി വളർത്തൽ എന്ന വിഷയത്തിൽ 30/12/2025 ന് മൃഗസംരക്ഷണ പരിശീലന കേന്ദ്രം മലമ്പുഴയിൽ വച്ച് രാവിലെ 10.00 മണി മുതൽ 5.00 മണി വരെ സൗജന്യ പരിശീലനം ഉണ്ടായിരിക്കുന്നതാണ്. പരിശീലനത്തിൽ പങ്കെടുക്കുന്നവർ 0491-2815454 എന്ന നമ്പറിൽ ഓഫീസ് പ്രവൃത്തി ദിവസങ്ങളിൽ വിളിച്ച് മുൻകൂട്ടി രജിസ്റ്റർ ചെയ്യേണ്ടതാണ്. ആധാർ കാർഡിൻറെ പകർപ്പ് പരിശീലനത്തിനെത്തുമ്പോൾ കൊണ്ടുവരേണ്ടതുമാണ്.